(ബി) നിലവിൽ ഇപ്രകാരം പെൻഷൻ പറ്റി ജീവിക്കുന്നവർ എത്ര; അവർ ആരെല്ലാം; വിശദാംശം നൽകുമോ?

ഉത്തരം

(എ) സംസ്ഥാന കേഡറിൽ പ്രവൃത്തിച്ച് സർവ്വീസിൽ നിന്ന് വിരമിച്ച ഐ.എ.എസ്. ഉദ്യോഗസ്ഥരുടെ പേരുവിവരം സൂക്ഷിച്ചിട്ടില്ല.

(ബി) ബാധകമല്ല.

കമ്പ്യൂട്ടർ അസിസ്റ്റന്റ്/കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരുടെ അസിസ്റ്റന്റ് തസ്തികയിലേക്കുള്ള തസ്തികമാറ്റ നിയമനം

32 (3535) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുഭരണ വകുപ്പിലും ധനകാര്യവകുപ്പിലും കമ്പ്യൂട്ടർ അസിസ്റ്റന്റ്/ കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരുടെ അസിസ്റ്റന്റ് തസ്തികയിലേക്കുള്ള തസ്തികമാറ്റ നിയമനവുമായി ബന്ധപ്പെട്ട് നിലവിലുള്ള സെക്രട്ടേറിയറ്റ് സ്പെഷ്യൽ റൂളിന്റെ ലംഘനം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 25-3-2006-നുശേഷം സെക്രട്ടേറിയറ്റ് സർവ്വീസിൽ പ്രവേശിച്ച കമ്പ്യൂട്ടർ അസിസ്റ്റന്റ്/കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാർക്ക് അസിസ്റ്റന്റ് തസ്തികയിലേക്ക് തസ്തികമാറ്റ നിയമനം നൽകുന്നത് എത്ര ശതമാനമാണ്; ഇത് ഏത് സർക്കാർ ഉത്തരവ് പ്രകാരമാണെന്ന് വ്യക്തമാക്കുമോ;

(സി) കമ്പ്യൂട്ടർ അസിസ്റ്റന്റ് /കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാർക്ക് അസിസ്റ്റന്റ് ടെയിനിയായി നിയമനം നൽകുന്നത് ഏത് സർക്കാർ ഉത്തരവ് പ്രകാരമാണെന്ന് വ്യക്തമാക്കുമോ; കോപ്പി ലഭ്യമാക്കുമോ;

(ഡി) കമ്പ്യൂട്ടർ അസിസ്റ്റന്റ് /കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരിൽ നിന്നും തസ്തികമാറ്റം വഴി അസിസ്റ്റന്റായി നിയമിക്കപ്പെടേണ്ട ഒഴിവുകളിൽ അസിസ്റ്റന്റ് ടെയിനിമാരെ ഉൾപ്പെടുത്തുന്നുണ്ടോ; എങ്കിൽ ഏത് ഉത്തരവ് പ്രകാരമാണ്;

(ഇ) കമ്പ്യൂട്ടർ അസിസ്റ്റന്റ് /കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലേക്ക് തസ്തികമാറ്റം വഴിയുള്ള എത്ര നിയമനം ബാക്കിയുണ്ട്?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) 20% 17-3-2007-ലെ ജി.ഒ.(പി) നമ്പർ 199/07/ജി. എ. ഡി. നമ്പർ ഉത്തരവ് പ്രകാരം.

GPM. 2/235/2020-14

LIBRARY ARCHIVES Kerala Legislative Assembly

(സി) 5-6-1989-ലെ ജി.ഒ.(പി) നമ്പർ 138/89/ജി.എ.ഡി. നമ്പർ ഉത്തരവ് പ്രകാരം.

പകർപ്പ് അനുബന്ധം* ആയി ചേർത്തിരിക്കുന്നു.

(ഡി) ഉണ്ട്. അസിസ്റ്റന്റ് ടെയിനി ആയി നിയമിതരാകുന്നവർ അവരുടെ parent cadre ലാണ് തുടരുന്നതായി കണക്കാക്കുന്നതെങ്കിലും അസിസ്റ്റന്റ് കേഡർ തസ്തികയിൽ ഒഴിവുള്ളിടത്താണ് ഇവരെ നിയമിക്കുന്നത്. ഇവർ അസിസ്റ്റന്റ് ടെയിനി ആയി മാറുമ്പോൾ ബന്ധപ്പെട്ട ടൈപ്പിസ്റ്റ്/കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് കേഡറിലുണ്ടാകുന്ന ഒഴിവുകൾ പ്രസ്തുത കേഡറിൽ തന്നെയുള്ള പ്രൊമോഷൻ/direct recruitment എന്നിവ വഴി നികത്തുന്നു എന്നതിനാൽ പ്രസ്തുത കേഡറിലെ cadre strength-ൽ കുറവുണ്ടാകുന്നില്ല. എന്നാൽ അസിസ്റ്റന്റ് കേഡറിലുണ്ടാകുന്ന ഒഴിവിലാണ് ഇവർ നിയമിക്കപ്പെടുന്നത്. അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകളാണ് ഇവരുടെ നിയമനം വഴി നികത്തപ്പെടുന്നത്. ഈ തസ്തികമാറ്റ നിയമനത്തിന് തത്തുല്യമായ തസ്തികകൾ അസിസ്റ്റന്റ് തസ്തികയുടെ entry cadre-ലും പി.എസ്.സി.ക്ക് ഒഴിവ് റിപ്പോർട്ട് ചെയ്യുന്നതിലും കുറവ് വരുകയും ചെയ്യും. അസിസ്റ്റന്റ് ടെയിനി നിയമനം ഒഴിവാക്കി തസ്തികമാറ്റത്തിനുള്ള 20% കണക്കാക്കിയാൽ ആയത് പി.എസ്.സി. റാങ്ക് ലിസ്റ്റിനെ ദോഷകരമായി ബാധിക്കും. ഈ സാഹചര്യത്തിൽ തസ്തിക മാറ്റം വഴി അസിസ്റ്റന്റ് ആകുന്നതിനായുള്ള ജീവനക്കാരുടെ എണ്ണം കണക്കാക്കുമ്പോൾ അസിസ്റ്റന്റ് ടെയിനിമാരുടെ എണ്ണവും കണക്കിലെടുക്കേണ്ടതുണ്ട് എന്നുള്ള സർക്കാർ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് അസിസ്റ്റന്റ് ടെയിനിമാരെ ഉൾപ്പെടുത്തിയിട്ടുള്ളത്.

(ഇ) കമ്പ്യൂട്ടർ അസിസ്റ്റന്റ് /കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലേക്ക് തസ്തികമാറ്റം വഴി ഇനി നിയമനം ഒന്നും തന്നെ നല്കാനില്ല.

കമ്പ്യൂട്ടർ അസിസ്റ്റന്റ്/കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരുടെ അസിസ്റ്റന്റ് തസ്തികയിലേക്കുള്ള തസ്തികമാറ്റ നിയമനം

33 (3536) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുഭരണ വകുപ്പിലും ധനകാര്യവകുപ്പിലും കമ്പ്യൂട്ടർ അസിസ്റ്റന്റ്/ കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരുടെ അസിസ്റ്റന്റ് തസ്തികയിലേക്കുള്ള തസ്തികമാറ്റ നിയമനവുമായി ബന്ധപ്പെട്ട് നിലവിലുള്ള സെക്രട്ടേറിയറ്റ് സ്പെഷ്യൽ റൂൾ ലംഘനം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly